# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/152/2018 2018 ജൂലൈ 16

## പത്രക്കുറിപ്പ്

### പരീക്ഷകൾ മാറ്റിവച്ചു

കനത്തമഴ മൂലം മഹാത്മാഗാന്ധി സർവ്വകലാശാല ജൂലൈ 17ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. ജൂലൈ 16, 17 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന പരീക്ഷകളുടെ പുതുക്കിയ തീയതികൾ പിന്നീട് പ്രസിദ്ധീകരിക്കും.

### വാക്ക് – ഇൻ – ഇന്റർവ്യൂ മാറ്റിവച്ചു

കെ.എൻ. രാജ് സെന്ററിൽ ഗസ്റ്റ് അദ്ധ്യാപകരുടെ പാനൽ തയ്യാറാക്കുന്നതിനും, സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ്-കം-ലൈബ്രേറിയൻ താത്ക്കാലിക നിയമനത്തിനുള്ള പാനൽ തയ്യാറാക്കുന്നതിനും ഇന്ന് (ജൂലൈ 17) നടത്തുവാൻ നിശ്ചയിച്ചിരുന്ന വാക്ക്-ഇൻ-ഇന്റർവ്യൂ മാറ്റിവച്ചു. രണ്ട് വാക്ക്-ഇൻ-ഇന്റർവ്യൂകളും ജൂലൈ 19ന് ഉച്ച കഴിഞ്ഞ് 3 മണിക്ക് നടക്കും.

### എം.ജി. ഡിഗ്രി ഏകജാലകം: അർഹത നേടിയവർ നാളെ (ജൂൺ 18) പ്രവേശനം നേടണം

പ്രകൃതിക്ഷോഭം മൂലം മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിന് റിപ്പോർട്ട് ചെയ്യാനുള്ള അവസാന തീയതി നാളെ (ജൂലൈ 18) വരെ ദീർഘിപ്പിച്ചു. ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള നാലാം അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം നാളെ (ജൂലൈ 18) വൈകീട്ട് 4.30നകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. നാളെ (ജൂലൈ 18) ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

നാലാം അലോട്ട്മെന്റിൽ പ്രവേശനത്തിന് അർഹത നേടിയ അപേക്ഷകർ തങ്ങൾക്ക് അലോട്ട് മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്നപക്ഷം ഓൺലൈനായി ഒടുക്കുന്ന സർവ്വകലാശാലാ ഫീസിനു പുറമെ ട്യൂഷൻ ഫീ ഉൾപ്പെടെയുള്ള ഫീസ് കോളേജുകളിൽ ഒടുക്കി പ്രവേശനം ഉറപ്പാക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച എസ്.സി./എസ്.ടി. വിഭാഗം ഒഴികെയുള്ള താല്ക്കാലിക പ്രവേശനമെടുത്തവരുൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകരും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നാളെ (ജൂലൈ 18) വൈകീട്ട് 4.30ന് മുൻപ് സ്ഥിരപ്രവേശനം നേടാത്തപക്ഷം അത്തരം അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച ഉത്തരവുകൾ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്ന കോളേജുകൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കും. ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ക്ലാസ്സുകൾ ജൂലൈ 18ന് തന്നെ ആരംഭിക്കും.

### എം.ജി. പി.ജി. ഏകജാലകം: ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള പി.ജി. പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈൻ പേമെന്റ് ഗേറ്റ്വെ വഴി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് നാളെ (ജൂലൈ 18) വൈകീട്ട് 4.30ന് മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനത്തിനായി റിപ്പോർട്ട്

ചെയ്യേണ്ടതാണ്. ജൂലൈ 18നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. തുടർന്നുള്ള അലോട്ട്മെന്റിലേക്ക് ഇവരെ പരിഗണിക്കുന്നതല്ല.

താത്ക്കാലിക പ്രവേശനം നേടുന്നവർ തങ്ങളുടെ അലോട്ട്മെന്റ് മെമ്മോയും അസ്സൽ സാക്ഷ്യപത്രങ്ങളും കോളേജുകളിലെ പരിശോധനയ്ക്ക് ശേഷം തിരിച്ചു വാങ്ങേണ്ടതാണ്. ഇവർ കോളേജുകളിൽ പ്രത്യേകമായി ഫീസൊടുക്കേണ്ടതില്ല. എന്നാൽ ഓൺലൈനായി നിശ്ചിത സർവ്വകലാശാലാ ഫീസൊടുക്കേണ്ടതാണ്.

അപേക്ഷകൻ തനിക്ക് ലഭിച്ച അലോട്ട്മെന്റിൽ സംതൃപ്തനാണെങ്കിൽ തുടർ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാതിരിക്കാനായി അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്. ഹയർഓപ്ഷനുകൾ റദ്ദാക്കുന്നതിനുള്ള സൗകര്യം ജൂലൈ 19 വരെ ലഭ്യമായിരിക്കും. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വന്നേക്കാം. ഇപ്രകാരം മാറ്റം ലഭിക്കുന്നപക്ഷം പുതിയ അലോട്ട്മെന്റ് നിർബ്ബന്ധമായും സ്വീകരിക്കേണ്ടതാണ്. ആദ്യം ലഭിച്ച അലോട്ട് മെന്റ് നഷ്ടപ്പെടുകയും ചെയ്യും. എന്നാൽ ഇപ്രകാരം മാറ്റം ലഭിക്കുന്നവർ പുതുതായി ഫീസൊടുക്കേണ്ടതില്ല. ജൂലൈ 19ന് ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകർക്ക് മൂന്നാം അലോട്ട്മെന്റ് വരെ താത്ക്കാലികമായി പ്രവേശനം നേടാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ഒഴികെയുള്ളവർ കോളേജുകളില നിശ്ചിത ട്യൂഷൻ ഫീസ് ഒടുക്കി സ്ഥിരപ്രവേശനം ഉറപ്പുവരുത്തേണ്ടതാണ്.

കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിനുശേഷം 'കൺഫർമേഷൻ സ്ലിപ്പ് കോളേജധികൃതരിൽ നിന്നും ചോദിച്ചുവാങ്ങേണ്ടതും തങ്ങളുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നുറപ്പുവരുത്തേണ്ടതുമാണ്.

വിവിധ പ്രോഗ്രാമുകളിലേക്ക് നിശ്ചയിച്ചിരിക്കുന്ന ട്യൂഷൻ ഫീസ് സംബന്ധിച്ച വിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>പ്രാക്ടിക്കൽ</u>**

ഒന്നും രണ്ടും സെമസ്റ്റർ ബി.വോക് ബ്രോഡ്കാസ്റ്റിംഗ് ആന്റ് ജേർണലിസം (2016-17 അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 18, 19, 20 തീയതികളിൽ കാലടി ശ്രീ ശങ്കരാ കോളേജിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>സംവരണ സീറ്റൊഴിവ്</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ എം.എ. ആന്ത്രപ്പോളജി കോഴ്സിന് എസ്.സി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായ അപേക്ഷകർ അസ്സൽ രേഖകളുമായി പഠനവകുപ്പിൽ ജൂലൈ 18ന് മുമ്പായി ഹാജരാകണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2392383, 9656658486.

കെ.എൻ. രാജ് സെന്ററിൽ 2018-19 അദ്ധ്യയന വർഷത്തിൽ എം.എ. ഇക്കണോമിക്സിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ രേഖകളുമായി ജൂലൈ 18ന് 11 മണിക്ക് ഹാജരാകണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**